©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2022 ആഗസ്റ്റ് 05<br>05th August 2022<br>1197 കർക്കടകം 20<br>20th Karkadakam 1197<br>1944 ശ്രാവണം 14<br>14th Sravana 1944 | നമ്പർ<br>No. 2591 |

**കേരള സർക്കാർ**

ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്

**വിജ്ഞാപനം**

സ. ഉ. (അച്ചടി) നമ്പർ 44/2022/ആ.കു.വ. *തീയതി, തിരുവനന്തപുരം, 2022 ആഗസ്റ്റ് 3*
*1197 കർക്കടകം 18.*

**എസ്. ആർ. ഒ. നമ്പർ 777/2022**

2021-ലെ കേരള സാംക്രമിക രോഗങ്ങൾ ആക്റ്റിന്റെ (2021-ലെ 4-ാം ആക്റ്റ്) 4-ാം വകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ ഇനിപ്പറയുന്ന റെഗുലേഷനുകൾ ഇതിനാൽ പുറപ്പെടുവിക്കുന്നു, അതായത്:–

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## റെഗുലേഷനുകൾ

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.–(1) ഈ റെഗുലേഷനുകളെ 2022 ലെ കേരള എപ്പിഡെമിക് ഡിസീസ് കൊറോണ വൈറസ് ഡിസീസ് (കോവിഡ്-19) റെഗുലേഷനുകൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതും മറ്റുവിധത്തിൽ വിജ്ഞാപനം ചെയ്യാത്തിടത്തോളം ആറ് മാസകാലത്തേയ്ക്കു പ്രാബല്യമുണ്ടായിരിക്കുന്നതുമാണ്.

2. <u>റെഗുലേഷനുകൾ</u>.–സംസ്ഥാനത്ത് കോവിഡ്-19-ന്റെ വ്യാപനം നിയന്ത്രിക്കുന്നതിനും തടയുന്നതിനും, എല്ലാ ആളുകളും സ്ഥാപനങ്ങളും ഇനിപ്പറയുന്ന നിയന്ത്രണങ്ങൾ പാലിക്കേണ്ടതാണ്, അതായത്:–

(a) മാസ്ക്/മുഖാവരണം ധരിക്കുന്നത്.–എല്ലാ പൊതു സ്ഥലങ്ങളിലും, ജോലി സ്ഥലങ്ങളിലും, പൊതുജനങ്ങൾക്ക് പ്രവേശനമുള്ള ഏത് സ്ഥലത്തും, സാമൂഹിക കൂടിച്ചേരലുകളിലും, എല്ലാത്തരം വാഹനങ്ങളിലും, ഗതാഗത സമയത്തും, എല്ലാ ആളുകളും മാസ്ക്/മുഖാവരണം കൊണ്ട് വായും മൂക്കും മൂടിയിരിക്കേണ്ടതാണ്;

(b) സാനിറ്റൈസറിന്റെ ഉപയോഗം.–എല്ലാ സ്ഥാപനങ്ങൾ, കടകൾ, തിയേറ്ററുകൾ എന്നിവയുടെ ഉടമസ്ഥർ/നടത്തിപ്പുകാർ ഇവന്റുകൾ/ചടങ്ങുകൾ എന്നിവയുടെ സംഘാടകർ എന്നിവർ ഉപഭോക്താക്കൾക്ക്/പങ്കെടുക്കുന്നവരുടെ ഉപയോഗത്തിനായി സാനിറ്റൈസർ നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
ടിങ്കു ബിസ്വാൾ,
*പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2021-ലെ കേരള സാംക്രമിക രോഗങ്ങൾ ആക്റ്റിലെ (2021-ലെ 4-ാം ആക്റ്റ്) 4-ാം വകുപ്പ് പ്രകാരം പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുന്നതോ അല്ലെങ്കിൽ അതിന്റെ വ്യാപനം തടയുന്നതിനോ വേണ്ടി പൊതുജനങ്ങളോ ഏതെങ്കിലും ആളോ ആളുകളോ പാലിക്കേണ്ട പ്രത്യേക താൽക്കാലിക

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നടപടികൾ പ്രഖ്യാപിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു. സംസ്ഥാനത്ത് കോവിഡ് കേസുകളിൽ നേരിയ തോതിൽ വർദ്ധനവുണ്ടാകുന്ന സാഹചര്യത്തിൽ, അതിന്റെ വ്യാപനം തടയുന്നതിനുവേണ്ടി ചില നിയന്ത്രണങ്ങൾ പുറപ്പെടുവിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/